**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3472 | 29.01.2014 ൽ മറുപടിയ്ക്ക് |
|---|---|

**അംഗൻവാടികളിലെ പാചകവാതക കണക്ഷനുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ<br>,, കെ. കുഞ്ഞിരാമൻ (ഉദുമ)<br>,, എ. പ്രദീപ്കുമാർ<br>,, ബി. ഡി. ദേവസ്സി | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) അംഗൻവാടികളിൽ ഉപയോഗിക്കുന്ന പാചക വാതക കണക്ഷനുകൾ ആധാറുമായി ബന്ധപ്പെടുത്തിയിട്ടുളളതായി അറിയാമോ ; | (എ) അംഗൻവാടികളിൽ ഉപയോഗിക്കുന്ന പാചകവാതക കണക്ഷനുകൾ ആധാറുമായി ബന്ധപ്പെടുത്തിയിട്ടില്ല. |
| (ബി) ഇല്ലെങ്കിൽ ഭാവിയിൽ അംഗൻവാടികൾ പാചകവാതകത്തിന് സബ്സിഡിയില്ലാതെ മുഴുവൻ തുകയും നൽകേണ്ടതായ സ്ഥിതിവിശേഷം ഉണ്ടാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് അംഗൻവാടികളുടെ പ്രവർത്തനത്തെ എത്രത്തോളം ബാധിക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ; | (ബി) & (സി) നിലവിൽ അംഗൻവാടികളിൽ പാചകവാതക ത്തിന് സബ്സിഡിയില്ലാതെ മുഴുവൻ തുകയും നൽകേണ്ടതായി വരും. അംഗൻവാടികളിലും സബ്സിഡി നിരക്കിൽ പാചകവാതക സിലിണ്ടർ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) ഈ സ്ഥിതിവിശേഷത്തിന് പരിഹാരനടപടി സിവിൽ സപ്ലൈസ് വകുപ്പുമായി ആലോചിച്ച് നടപ്പിലാക്കുമോ ? | |

സെക്ഷൻ ഓഫീസർ